7
ആഗസ്റ്റ് 2023
തിങ്കൾ
Pages- 6
Vol. 2 Issue 185

ക്രിസ്ത്യൻലൈവ് ദിനപത്രം
On the Battlefield for the Great Commission
CNL7 MEDIA
554



# ബീഹാറിൽ മലയാളി സുവിശേഷകന് ക്രൂര മർദ്ദനം

പാസ്റ്റർ ഷാജുവിനെ പോലീസ് സ്റ്റേഷനിലേക്ക് എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ തന്നെ ബൈക്കിൽ കൂട്ടിക്കൊണ്ട് പോയി. തൊട്ടടുത്തുള്ള ഒരു സ്കൂൾ മൈതാനത്ത് വണ്ടി നിർത്തിയ ശേഷം ഇതാണ് പോലീസ് സ്റ്റേഷൻ എന്നു പറഞ്ഞ് സംഘം ചേർന്നു വടികളും, ഇഷ്ടികയും മറ്റും ഉപയോഗിച്ച് തന്നെ മർദ്ദിക്കുകയായിരുന്നു




# മണിപ്പൂരിൽ സുപ്രീം കോടതിയുടെ നിർണായക ഇടപെടൽ



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 7 തിങ്കൾ

## മരണം ഇത്ര അടുത്താണോ?

ഇന്ന് മാവേലിക്കരക്ക് സമീപം ഒരാൾ അദ്ദേഹത്തിൻറെ കാർ വീട്ടിലേക്ക് കയറ്റി പാർക്ക് ചെയ്യുന്നതിനിടയ്ക്ക് പെട്ടെന്ന് പൊട്ടിത്തെറിച്ചു മരണമടഞ്ഞു എന്ന വാർത്ത കേട്ടു. വളരെ അപ്രതീക്ഷിതമായ, ഞെട്ടിക്കുന്ന, ഹൃദയം തകർക്കുന്ന ഒരു വാർത്ത. നമ്മൾ ഓരോ ദിവസവും ജീവിച്ചു മുന്നോട്ടു പോകുമ്പോഴും മരണം എത്ര അടുത്താണ് എന്ന സത്യമാണത് ഓർമിപ്പിക്കുന്നത്. ഒരു വിളിപ്പാടകലെ, ഒരു കൈപ്പാടകലെ, അല്ല നമ്മുടെ തൊട്ടടുത്തു തന്നെ മരണം നിൽപ്പുണ്ട്. നമ്മുടെ ആയുസ് എത്ര എന്ന് ആർക്കും നിശ്ചയിക്കാനാവില്ലല്ലോ. മെഡിക്കൽ സയൻസിനും ശാസ്ത്രത്തിനും ഒക്കെ ഈ കാര്യത്തിലൊരു പരിധിയും പരിമിതിയും ഉണ്ട്. പിന്നെ നമുക്ക് ആകെ ചെയ്യാവുന്ന കാര്യം ജീവിച്ചിരിക്കുന്ന കാലത്തോളം നല്ലൊരു മനുഷ്യനായിട്ട് ജീവിക്കുക എന്നത് മാത്രമാണ്. നമ്മൾ പിണങ്ങിയും വഴക്കുണ്ടാക്കുകയും കലഹിച്ചു പോരിന് വിളിച്ചും കേസ് കൊടുത്തും ഇങ്ങനെ എത്ര നാൾ മുന്നോട്ട് പോകും? ഇതിനൊക്കെ ഫുൾസ്റ്റോപ്പ് വീഴുന്ന ഒരു ദിവസം ഉണ്ട്. അതിനുശേഷം ഒന്ന് തിരിഞ്ഞു നോക്കാൻ അവസരം കിട്ടിയാൽ ഇത്രയും നാൾ ചെയ്തു പോന്നതൊക്കെ യാതൊരു പ്രയോജനവും ഇല്ലാത്തതാണ് എന്ന തിരിച്ചറിവ് ആയിരിക്കും നമുക്ക് ഉണ്ടാകുന്നത്.

യേശു തന്റെ ഗിരിപ്രഭാഷണത്തിൽ നമ്മളെ പഠിപ്പിച്ച ഒരു പ്രധാനപ്പെട്ട പാഠമുണ്ട്. ജീവിതത്തിൻറെ സുവർണ്ണ നിയമം എന്നൊക്കെയാണ് ആളുകൾ അതിനെ വിളിക്കുന്നത്. മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് നിങ്ങൾ അവർക്ക് ചെയ്യണമെന്ന തിരുവചനമാണ് ആ സുവർണ്ണനിയമം. ജീവിതത്തെ ഇത്രയും മനോഹരമാക്കുന്ന ഒരു മോട്ടിവേഷൻ വാചകം ലോകത്ത് വേറെയില്ല.

ഇനിയുള്ള ആയുസ്സ് എത്രകാലം എന്ന് നമുക്ക് അറിയില്ല. മറ്റുള്ളവരിൽ നിന്ന് നമ്മൾ എന്താണോ പ്രതീക്ഷിക്കുന്നത്, അതിനപ്പുറം നന്മകൾ മറ്റുള്ളവർക്ക് ചെയ്തുകൊണ്ട് നമുക്കിനിയുള്ള കാലം ജീവിക്കാം. അങ്ങനെയെങ്കിൽ തീർച്ചയായും സ്വർഗം താണിറങ്ങി വന്നതുപോലെയുള്ള അനുഭവം ഈ ഭൂമിയിൽ ഉണ്ടാകും. ദൈവത്തിൻറെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും നിറവേറട്ടെ!



അനു കോശി

## ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫ്രൻസ് നോർത്ത് കരോലിനയിൽ

ഡാളസ്: നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫ്രൻസ് 2024 ൽ നോർത്ത് കരോലിനയിൽ ഷാർലറ്റിൽ ജൂലൈയിൽ നടക്കും. കോൺഫ്രൻസിന്റെ ഭാരവാഹികളായ റവ.സൈമൺ ഫിലിപ്പ്(പ്രസിഡണ്ട്) റവ.എബി മാമ്മൻ(വൈസ് പ്രസിഡണ്ട്) വിജു തോമസ്(നാഷണൽ സെക്രട്ടറി) ടിനു മാത്യൂ(നാഷണൽ ട്രഷറാർ) ഇവാ.ആൽവിൻ ഉമ്മൻ(ഇംഗ്ലീഷ് സെഷൻകോർഡിനേറ്റർ) എന്നിവരെയും വുമൺസ് മിനിസ്ട്രി ഭാരവാഹികളായി സഹോദരിമാരായ സുജൻ ചെറിയാൻ( പ്രസിഡണ്ട്) ജിജി തോമസ്(വൈസ് പ്രസിഡണ്ട് ) സൂസൻ ഷിബു(സെക്രട്ടറി)ഓമന ഉമ്മൻ(ട്രഷറർ)എന്നിവരെയും തിരഞ്ഞെടുത്തു.

## മണിപ്പുർ ജനതയ്ക്ക് ഐക്യദാർഢ്യം ; ഇന്ത്യൻ ക്രിസ്ത്യൻ എക്യുമിനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ

ഹൂസ്റ്റൺ: മണിപ്പുർ കലാപത്തിൽ ദുരിതമനുഭവിക്കുന്ന ക്രിസ്തീയ സമൂഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഇന്ത്യൻ ക്രിസ്ത്യൻ എക്യുമിനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ. സെൻറ് ജോസഫ് സീറോ മലബാർ ഫെറോന ഇടവകയിൽ വച്ച് നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ വച്ച് മണിപ്പുരിൽ ക്രിസ്തീയ സമൂഹം അനുഭവിക്കുന്ന കഷ്ടതകളുടെയും ദുരിതങ്ങളുടെയും നേർക്കാഴ്ച വിവരിച്ചുകൊണ്ട് റവ. ഫാ. ജെക്കു സക്കറിയ ആണ് ഐക്യദാർഢ്യ പ്രഖ്യാപനം നടത്തിയത്.

തുടർന്ന് കമ്മിറ്റി അംഗങ്ങൾ നടത്തിയ പ്രസ്താവനയിൽ ക്രിസ്തീയ സമൂഹത്തിന് എതിരേ മണിപ്പുരിൽ നടക്കുന്ന കലാപങ്ങളിലും അക്രമ സംഭവങ്ങളിലും അമർഷം രേഖപ്പെടുത്തുകയുണ്ടായി.ക്രിസ്തീയ സമൂഹത്തിന് തെരഞ്ഞുപിടിച്ച അക്രമിക്കുന്നത് വേദനാജനകമാണ്. ഇത്തരം അക്രമ സംഭവങ്ങളിൽ രാജ്യം ഒന്നാകെ ഒരുമിച്ച് നിന്ന് പ്രാർഥിക്കണം എന്ന് ഫാ. ജെക്കു സക്കറിയ ആവശ്യപ്പെട്ടു.

സമാധാനത്തിനു വേണ്ടി ബന്ധപ്പെട്ട സർക്കാർ സംവിധാനങ്ങൾ അടിയന്തരമായി ഇടപെടണം എന്നും കമ്മിറ്റി ഒന്നടങ്കം ആവശ്യപ്പെട്ടു. യോഗത്തിൽ മുൻ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ അനുശോചനവും പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്തു. ഐസിഇസിഎച്ച് പ്രസിഡൻറ് റവ. ഫാ. ജെക്കു സക്കറിയ, വൈസ് പ്രസിഡൻറ് റവ. ജോബി മാത്യു, സെക്രട്ടറി ആൻസി സാമുവൽ, ട്രെഷറർ രാജൻ അങ്ങാടിയിൽ മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

## സ്ത്രീകളെ അപമാനിച്ച സംഭവത്തിൽ അഞ്ച് പോലീസുകാരെ സസ്പെൻഡ് ചെയ്തു

ഇംഫാൽ:മണിപ്പുരിൽ സ്ത്രീകളെ നഗ്നരാക്കി പൊതുസ്ഥലത്ത് നടത്തിയ സംഭവത്തിൽ അഞ്ച് പോലീസുകാരെ സസ്പെൻഡ് ചെയ്തു. കൊടുംക്രൂരതയുടെ വീഡിയോ പുറത്തുവന്ന കഴിഞ്ഞമാസം 19നു തന്നെ തൗബാലിലെ നോങ്പോക് സെക്മായി പോലീസ് സ്റ്റേഷൻറെ ചുമതലക്കാരൻ ഉൾപ്പെടെ അഞ്ച് പേരെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചിരുന്നുവെന്നാണ് അധികൃതരുടെ വിശദീകരണം.

ബിഷ്ണുപുരിൽ കഴിഞ്ഞ മൂന്നാംതീയതി ആയുധങ്ങൾ കൊള്ളയടിച്ച സംഭവത്തെക്കുറിച്ച് ഐജിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്താനും നിർദേശമുണ്ട്. സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കണമെന്നും പോലീസ് മേധാവിയുടെ ഉത്തരവിൽ പറയുന്നു. കലാപം അവസാനിപ്പിക്കാൻ സാധ്യമായതെല്ലാം ചെയ്യുന്നുണ്ട്. വിവിധ കുറ്റങ്ങൾ ചുമത്തി മുന്നൂറോളം ആളുകളെ അറസ്റ്റ് ചെയ്തു. ഒട്ടേറെ കേസുകൾ രജിസ്റ്റർ ചെയ്തു. ഇവയെല്ലാം പരിശോധിച്ചു വരികയാണെന്നും പോലീസ് വ്യക്തമാക്കി.

## മണിപ്പൂരിൽ പീഡനം; പ്രാർത്ഥനാനിരതരായി വിശ്വാസികൾ യുഎഇയിൽ

ഷാർജ: ക്രൈസ്തവ സമൂഹം മണിപ്പൂരിൽ ക്രൂരമായി പീഡിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ യുഎഇയിലെ ദൈവമക്കൾ ഒന്നടങ്കം ദൈവസന്നിധിയിൽ പ്രത്യേകം പ്രാർത്ഥനയിൽ ചെലവഴിക്കാൻ തീരുമാനിച്ചു. ആഗസ്റ്റ് 8 ന് വൈകിട്ട് 7.30 ന് തുടങ്ങുന്ന പ്രാർത്ഥനയ്ക്ക് ക്രിസ്ത്യൻ ലൈവ് ഷാർജാ യൂണിറ്റ് നേതൃത്വം നൽകുമെന്ന് പ്രസിഡണ്ട് പാസ്റ്റർ രാജീവ് സേവ്യറും സെക്രട്ടറി അലക്സ് സാമുവേലും അറിയിച്ചു

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
|---|---|
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## മണിപ്പൂരിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് അവസരമൊരുക്കും; കണ്ണൂർ സർവകലാശാല

കണ്ണൂർ:മണിപ്പൂരിലെ കലാപബാധിത മേഖലകളിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് അവസരമൊരുക്കുമെന്ന് കണ്ണൂർ സർവകലാശാല. ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് സൂപ്പർ ന്യൂമറിയായി പ്രവേശനം നൽകും. സാമ്പത്തിക സഹായവും നൽകാനും സർവകലാശാല സിൻഡിക്കേറ്റ് പ്രമേയം പാസ്സാക്കി. വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും നൽകാൻ തീരുമാനമായി.

മണിപ്പൂരിൽ നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യവും സാമ്പത്തിക സഹായവും നൽകുമെന്നും വൈസ് ചാൻസിലർ ഡോ ഗോപിനാഥ് രവീന്ദ്രൻ പറഞ്ഞു. രാജ്യത്ത് ആദ്യമായാണ് ഒരു സർവകലാശാല മണിപ്പൂരിലെ വിദ്യാർത്ഥികൾക്ക് സഹായവുമായെത്തുന്നത്. കലാപത്തിൽ എല്ലാം നഷ്ടപ്പെട്ടവർക്ക് ഒന്നുമില്ലാതെ തന്നെ കണ്ണൂരിലെത്തി പഠിക്കാം. സർട്ടിഫിക്കറ്റുകളെല്ലാം കോഴ്സ് പൂർത്തിയാകുന്നതിന് മുൻപ് ഹാജരാക്കിയാൽ മതി. മണിപ്പൂരിൽ നിന്നെത്തുന്ന വിദ്യാർത്ഥികൾക്കായി സർവകലാശാല ക്യാമ്പസുകളിൽ സൂപ്പർ ന്യൂമറിയായി അധിക സീറ്റുകൾ ഒരുക്കുമെന്ന് വൈസ് ചാൻസിലർ ഡോ.ഗോപിനാഥ് രവീന്ദ്രൻ പറഞ്ഞു.

EDITORIAL BOARD

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas, Oklahoma.

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# ബീഹാറിൽ മലയാളി സുവിശേഷകന് ക്രൂര മർദ്ദനം

**പാസ്റ്റർ ഷാജുവിനെ പോലീസ് സ്റ്റേഷനിലേക്ക് എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ തന്നെ ബൈക്കിൽ കൂട്ടിക്കൊണ്ട് പോയി മർദ്ദിക്കുകയായിരുന്നു**



നബാദ: ബീഹാറിലെ നബാദ ജില്ലയിൽ ഇന്ത്യാ മിഷൻ സുവിശേഷകൻ ആയ പാസ്റ്റർ ഷാജുവിനെ സുവിശേഷ വിരോധികൾ ആക്രമിച്ചു. ആഗസ്റ്റ് 6 ന് ഇന്നലെ ആരാധന നടന്നുകൊണ്ടിരിക്കെ ഏകദേശം പന്ത്രണ്ടിൽ അധികം ചെറുപ്പക്കാർ ആരാധനാലയത്തിൽ അധിക്രമിച്ച് കടക്കുകയും ആരാധന നിർത്തിക്കുകയും, വിശ്വാസികളെ തടഞ്ഞു വെയ്ക്കുകയും ചെയ്തു. പാസ്റ്റർ ഷാജുവിനെ പോലീസ് സ്റ്റേഷനിലേക്ക് എന്നു പറഞ്ഞ് അദ്ദേഹത്തിന്റെ തന്നെ ബൈക്കിൽ കൂട്ടിക്കൊണ്ട് പോയി. തൊട്ടടുത്തുള്ള ഒരു സ്കൂൾ മൈതാനത്ത് വണ്ടി നിർത്തിയ ശേഷം ഇതാണ് പോലീസ് സ്റ്റേഷൻ എന്നു പറഞ്ഞ് സംഘം ചേർന്നു വടികളും, ഇഷ്ടികയും മറ്റും ഉപയോഗിച്ച് തന്നെ മർദ്ദിക്കുകയായിരുന്നുവെന്ന് പാസ്റ്റർ ഷാജു പറഞ്ഞു. തന്റെ മോട്ടോർ ബൈക്കിനും അക്രമികൾ കേടുപാടുകൾ വരുത്തി. കോട്ടയം ജില്ലയിൽ വാകത്താനം സ്വദേശിയാണ് പാസ്റ്റർ ഷൈജു. പാസ്റ്റർ ഷൈജുവിനെയും കുടുംബത്തെയും ഓർത്തു പ്രാർത്ഥിക്കാം.

# ഗ്രാമീണരെ ക്രിസ്ത്യാനികളാക്കിയെന്നാരോപിച്ച്: മിഷനറി ദമ്പതികൾക്കെതിരെ പോലീസ് കേസെടുത്തു

ലഖ്നൗ : ഗ്രാമീണരെ ക്രിസ്തുമതം സ്വീകരിക്കാൻ നിർബന്ധിച്ചതായി ആരോപിച്ചു ലഖ്നൗ സ്വദേശികളായ ദമ്പതികളെ ബരാബങ്കി പോലീസ് അറസ്റ്റ് ചെയ്തു. ദമ്പതികളായ ഹരേന്ദ്ര സിംഗും പ്രിയയും, ബാരാബങ്കിയിലെ ഹൈദർഗഡ് ഏരിയയിലെ നവജ്യോതി പ്രദേശത്തെ വാടകമുറിയിൽ പ്രാർത്ഥനായോഗം സംഘടിപ്പിച്ചപ്പോൾ നാട്ടുകാർ പോലീസിനെ അറിയിക്കുകയും പോലീസ് കേസെടുക്കുകയുമായിരുന്നു.

ദമ്പതികൾ ഗ്രാമീണരെ അവരുടെ വാടക മുറിയിലേക്ക് ക്ഷണിക്കുകയും അവരോട് ക്രിസ്തുമതം സ്വീകരിക്കാൻ പറയുകയും ചെയ്തെന്നാരോപിച്ചാണ് അറസ്റ്റ് ചെയ്തത്. ഹൈദർഗഡിലെ ഗംഗാപൂർ സൻസാര ഗ്രാമത്തിലെ മഹാവീർ സിങ്ങും ഘോർകോയ ഗ്രാമത്തിലെ രണ്ട് കൗമാരക്കാരായ പെൺകുട്ടികളും ദമ്പതികളിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നതായും പോലീസ് ആരോപിച്ചു. ഇവരുടെ പക്കൽ നിന്ന് സുവിശേഷപ്രതികളും ഗ്രന്ഥങ്ങളും കണ്ടെടുത്തതായി ഹൈദർഗഡ് എസ്എച്ച്ഒ ലാൽ ചന്ദ് സരോജ് വാദിച്ചു. ദമ്പതികൾ പശ്ചിമ ബംഗാൾ ആസ്ഥാനമായുള്ള ഒരു ക്രിസ്ത്യൻ മിഷനറി സംഘടനയിൽ പ്രവർത്തിക്കുന്നവരാണ്. ഗ്രാമവാസിയായ ഒരാളുടെ പരാതിയിലാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തതെന്ന് സരോജ് പറഞ്ഞു.

കഴിഞ്ഞ ഏഴ് മാസത്തിനിടെ ഉത്തർപ്രദേശിൽ ഗ്രാമീണരെ നിർബന്ധിച്ച് ക്രിസ്ത്യാനികളാക്കി എന്നാരോപിച്ച് 70 ഓളം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹ്റൈച്ചിൽ നിന്ന് മാത്രം 35 പേർ അറസ്റ്റിലായി. ജൂണിൽ ഉത്തർപ്രദേശിലെ ഗ്രാമപ്രദേശങ്ങളിൽ നിർബന്ധിത മതപരിവർത്തനം നടത്തിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് ഏഴ് വ്യത്യസ്ത കേസുകളിലായി 31 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്

# ഏ ജി കൊട്ടാരക്കര സെക്ഷൻ സി എ പ്രവർത്തനോദ്ഘാടനം നടന്നു



കൊട്ടാരക്കര : അസംബ്ലീസ് ഓഫ് ഗോഡ് കൊട്ടാരക്കര സെക്ഷൻ സി എയുടെ നേതൃത്വത്തിൽ 202324 വർഷത്തെ പ്രവർത്തനോത്ഘാടനവും യൂത്ത് മീറ്റിഗും ഏ ജി തൃക്കണ്ണമംഗൽ ചർച്ചിൽ വെച്ച് നടന്നു. സെക്ഷൻ സി.എ പ്രസിഡന്റ് പാസ്റ്റർ പവീൻ ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഏ ജി കൊട്ടാരക്കര സെക്ഷൻ പ്രസ്ബിറ്റർ റവ ബിനു വി എസ് യോഗം ഉൽഘാടനം ചെയ്ത് സി എ കമ്മറ്റിയെയും സി.എ പ്രവർത്തനങ്ങളെയും ദൈവകരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിച്ചു. എ.ജി മലയാളം ഡിസ്ട്രിക്റ്റ് സി.എ പ്രസിഡന്റ് റവ ജോസ് റ്റി ജോർജ് മുഖ്യ സന്ദേശം നൽകി. ഷിലാസ് കെ ദേവസിയ, സിബി വിൽസൺ, എറിക്ക് ആഷിലി എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

കൊട്ടാരക്കര സെക്ഷൻ സി.എ പുറത്തിറക്കാൻ ഉദ്ദേശിക്കുന്ന പത്രികയുടെ ലോഗോ സെക്ഷൻ പ്രസ്ബിറ്റർ ഡിസ്ട്രിക്റ്റ് സി.എ പ്രസിഡണ്ടിന് നൽകി പ്രകാശനം ചെയ്തു. 'യുവധ്വനി ' എന്ന് നാമകരണം ചെയ്തിരിക്കുന്ന പത്രികയിലൂടെ സെക്ഷൻ സി.എ അംഗങ്ങളുടെ മികവുറ്റ രചനകൾ സമൂഹത്തിലേയ്ക്ക് എത്തിയ്ക്കാൻ സെക്ഷൻ സി.എ ലക്ഷ്യമിടുന്നു. മീറ്റിംഗിൽ വിവിധ പ്രദേശിക സഭകളിൽ നിന്നും അനേകം യുവജനങ്ങൾ പങ്കെടുത്തു. സെക്ഷൻ സി.എ കമ്മറ്റി അംഗങ്ങളായ അനിഷ് എസ്, റിന്റൊ റെജി, പാസ്റ്റർ നിജിത് എൻ പി, അനില എന്നിവർ നേതൃത്വം നൽകി

# പ്രമുഖ മാധ്യമ പ്രവർത്തകൻ എ.ആർ.ജോൺസൺ അന്തരിച്ചു



എ.ആർ.ജോൺസൺ

കോട്ടയം: പ്രമുഖ മാധ്യമ പ്രവർത്തകൻ എ.ആർ.ജോൺസൺ അന്തരിച്ചു. രോഗബാധിതനായി ചികിത്സയിലായിരുന്നു. കോട്ടയം, തൃശ്ശൂർ പ്രസ്സ് ക്ലബ്ബുകളുടെ മുൻ സെക്രട്ടറിയായിരുന്നു.കെ.യു.ഡബ്ല്യു.ജെ. സംസ്ഥാന ട്രഷററായും പ്രവർത്തിച്ചു.തൃശ്ശൂരിൽ നിന്നും പുറത്തിറങ്ങിയ സായാഹ്ന പത്രത്തിലായിരുന്നു പത്രപ്രവർത്തനത്തിൽ തുടക്കം കുറിച്ചത്.1980ൽ മംഗളം വാരികയിലും മംഗളം ദിനപ്പത്രത്തിന്റെ സായാഹ്ന പത്രമായിരുന്ന 'രാഷ്ട്നാദം ' ന്റെ പത്രാധിപരും, മംഗളം കലാ സാഹിത്യ വേദിയുടെ മുഖ്യ ഉപദേഷ്ടാവും ആയിരുന്നു.തുടർന്ന് 2002 മുതൽ മലയാളമനോരമ ആഴ്ചപ്പതിപ്പിന്റെ പത്രാധിപ സമിതി അംഗവുമായി.1993 ൽ കോട്ടയം പ്രസ് ക്ലബ്ബ് സെക്രട്ടറിയായിരുന്നു. കഴിഞ്ഞ ദിവസമാണ് ഇദ്ദേഹത്തിന്റെ 'ഓർമ്മ വച്ച നാൾ മുതൽ ' എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നത്.

## നിത്യതയിൽ



പരുമല : അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് തിരുവല്ല സെക്ഷനിൽ പരുമലയിൽ പ്രവർത്തിക്കുന്ന കർത്തൃദാസൻ പാസ്റ്റർ ഏബ്രഹാം തോമസ് (പാണ്ടനാട് തമ്പിച്ചായൻ) ഓഗസ്റ്റ് 7 തിങ്കളാഴ്ച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചില ദിവസങ്ങൾക്ക് മുൻപ് വൈറൽ ഇൻഫെക്ഷനെ തുടർന്ന് മെഡിക്കൽ ഐ സി യു വിൽ ശ്വാസതടസം മൂർച്ഛിച്ചതിനാൽ വെന്റിലേറ്ററിന്റെ സഹായത്തോടെയായിരുന്നു.
ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെയും, കുടുംബങ്ങളെയും, ദൈവസഭയെയും പ്രാർത്ഥനയിൽ ഓർക്കുക.

**ടോണി ഡി.ചെവ്വൂക്കാരന്റെ ഭാര്യാ മാതാവ്**



എറണാകുളം : വൈറ്റില ശാരോൻ ഫെലോഷിപ്പ് സഭാംഗം കടവന്ത്ര ചുട്ടിപ്പാറയിൽ (ഫെലോഷിപ്പ് ഹൗസ് ) പരേതനായ സി.റ്റി. ജോണിന്റെ ഭാര്യ സാറാമ്മ ജോൺ (90) നിര്യാതയായി. സംസ്കാരം പിന്നീട്.

മക്കൾ: ജോയ്സ് സാം (യുഎസ്എ ), ബിജി ടോണി (തൃശൂർ), എറണാകുളം എക്സ്ഡോസ് ചർച്ച് സഭാ ശുശ്രൂഷകൻ പാസ്റ്റർ സാം ജോൺ (റെജി ), പാസ്റ്റർ എബി ജോൺ ( ശാരോൻ ഫെലോഷിപ്പ് ചർച്ച്), ബിനോയ് ജോൺ (ആസ്ട്രേലിയ).
മരുമക്കൾ : പി.എം. സാമുവേൽ (യുഎസ്എ), ടോണി ഡി.ചെവ്വൂക്കാരൻ, ആഷ റെജി, സാലി എബി, ശോഭ ബിനോയ് (ആസ്ട്രേലിയ)



താളുങ്കൽ സഭാംഗം പുതുപ്പറമ്പിൽ ശശീന്ദ്രൻ (70) ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പിന്നീട് . മല്ലപ്പള്ളി സെന്ററിലെ മേത്താനം ശാരോൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ രാജേഷ് ചാക്കോയുടെ ഭാര്യാ പിതാവാണ്. ദുഃഖത്തിലായിരിക്കുന്ന കുടുംബത്തെയോർത്ത് പ്രാർത്ഥിക്കുക

# ഇതെന്റെ കഥ നിങ്ങളുടേതും



ഷിജു മാത്യു,
ഇഞ്ചത്തുണ്ടിയിൽ

നിങ്ങൾക്കെല്ലാം അറിയുന്നത്പോലെ ഞങ്ങളുടെ ഇടയന്മാർ തമ്മിൽ പ്രശ്നമുണ്ടാവുകയും മാറിത്താമസികുന്നതാണ് നല്ലതെന്നു അബ്രാം പറയുമ്പോൾ മനസ്സിൽ അങ്ങനയൊരു ആഗ്രഹം ഉണ്ടായിരുന്നത് കൊണ്ടാകാം , ഞാൻ പെട്ടന്ന് അതിനു സമ്മതം മൂളി.

എന്തോ ഞാനങ്ങനെ മറുപടി പറയുമെന്ന് അദ്ദേഹം കരുതിയില്ലെന്നു വേണം ചിന്തിക്കാൻ. ഞങ്ങൾ യാത്ര പറയുമ്പോൾ കണ്ണീരടക്കാൻ പാവം പാട് പെടുന്നുണ്ടായിരുന്നു.

സോദോമിലെ പുതിയ താമസം ശെരിക്കും സന്തോഷകരം ആയിരുന്നു.
എന്നെക്കാൾ സന്തോഷം ഭാര്യക്കായിരുന്നു.
കൂടാരത്തിൽ നിന്ന് കെട്ടുറപ്പുള്ള ഒരു വീട്ടിലേക്കുള്ള മാറ്റം.ദൈവത്തെ വിളിക്കുന്നോരെ ദൈവം അനുഗ്രഹിക്കുമെന്നുള്ള സ്ഥിരം പല്ലവി അവളും പറഞ്ഞു . പിന്നെ സാറ കൊച്ചമ്മയുടെ ഭരണത്തിൻ കീഴിൽ അല്ലാതെ എല്ലാം ചെയ്യാമല്ലോ.

എനിക്കവിടെ പട്ടണത്തിലും നല്ല സ്ഥാനം കിട്ടി.അവിടണേൽ പേരപ്പനോട് ചോദിക്കാതെ ഞാൻ ഒന്നും ചെയ്യില്ലാരുന്നു.

ഇപ്പോൾ സോദോമ്യ മൂപ്പന്മാർ പോലും പല കാര്യങ്ങളിലും എന്നോടാണ് അഭിപ്രായം ചോദിക്കുന്നത്.

ദൈവം എന്നെ പടിപടിയായി അനുഗ്രഹിക്കുവാണെന്ന് ഞാനും വിശ്വസിച്ചു. എന്നാൽ മിക്കവാറും ദിവസങ്ങളിൽ ചർച്ചകളും സഭ കൂടലുമൊക്കെ കഴിഞ്ഞു ഞാൻ വീട്ടിലെത്തുമ്പോൾ പാതിരാത്രി ആകുമായിരുന്നു . പതിയെ പതിയെ ഭവന പ്രാത്ഥനകളൊക്കെ നിന്നു തുടങ്ങിയിരുന്നു.
ആദ്യമൊക്കെ മക്കൾ പരാതി പറയുമായിരുന്നുവെങ്കിലും പതിയെ അവരും സോദോമിലെ സുഖ ജീവിതത്തിൽ എല്ലാം മറന്നു.

അബ്രഹമിന്റെ അടുത്തോട്ടുള്ള ദൂരം മാത്രമല്ല, ആ ദൈവത്തിൽ നിന്നും ഞങ്ങൾ ഒരുപാടു അകന്നു തുടങ്ങിയെന്നു മനസിലാക്കാൻ വൈകിപോയിരുന്നു.

എങ്കിലും മക്കളെ വളരെ ചിട്ടയോടു കൂടിയാണ് വളർത്തിയതെന്ന അഭിമാനം എനിക്കുണ്ടായിരുന്നു . അത് കൊണ്ടാണല്ലോ ഈ സോദോമിലും പുരുഷൻ തൊടാതെ അവരെ ഞാൻ വളർത്തി വലുതാക്കിയത് .. ഞങ്ങൾ കണ്ടു പിടിച്ച പയ്യന്മാരെ തന്നെ അവർ കെട്ടാനും പൊകുന്നു. ഇതിൽ പരം സന്തോഷം ഒരപ്പന് എന്ത് വേണം. ദൈവം ഞങ്ങളെ അനുഗ്രഹിച്ചു കൊണ്ടേ ഇരിക്കുന്നു.
എന്നാൽ അവരുടെ ഉള്ളിൽ ദൈവത്തെ പകർന്നു കൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല.

എന്റെ ഭാര്യക്കണേൽ പണവും സ്വത്തുമെന്നുള്ള ചിന്ത മാത്രമായി. ദൈവത്തെ മറന്നു കൊണ്ടുള്ള ഒരു ജീവിതം.

എന്നാൽ അബ്രഹാമിൽ നിന്ന് പഠിച്ച പ്രാത്ഥന ശീലം എന്നിൽ ഉണ്ടയിരുന്നു. സത്യവും നീതിയും വിട്ടു ഞാൻ ഒന്നും ചെയ്തില്ല ഇതുവരെ.

എന്നാൽ ഒരു രാത്രി കൊണ്ട് എല്ലാം തകിടം മറിഞ്ഞു. ദൈവ കോപം സോദോമിന്റെ നേരെ വന്നത് വളരെ പെട്ടന്നായിരുന്നു.
കെട്ടിപൊക്കിയതും കൂട്ടി വച്ചതുമെല്ലാം ഒരു ദിവസം കൊണ്ട് നഷ്ടമായി. സാമ്പത്തിനോടുള്ള അമിതാസക്തി മൂലം എന്റെ ഭാര്യക്കും ജീവിതം നഷ്ടമായി.
ജീവിതതിന്റെ പ്രതിസന്ധി ഘട്ടത്തിൽ എന്റെ മക്കൾ അവരുടെ ഭാവി എന്താകുമെന്ന് ലോക മനുഷ്യരെ പോലെ ചിന്തിച്ചു നികൃഷ്ടമായ പാപം ചെയ്തു ശാപം ഏറ്റു വാങ്ങി. അവർക്ക് ദൈവത്തെ കാണിച്ചു കൊടുക്കുന്നതിൽ പരാജപെട്ട ഒരു അപ്പനായിരിന്നു ഞാൻ. വലഞ്ഞു പോയ നീതിമാൻ എന്ന മാറാപ്പും ചുമന്നു കൊണ്ട് തീർന്നു പോയൊരു പാഴ് ജന്മം.

ഞാനിത്രയും എഴുതിയത്, നിങ്ങളുടെ ഇടയിലുമുണ്ട് ചില ലോത്തുമാർ എന്നറിഞ്ഞു കൊണ്ടാണ്.

ചിലപ്പോൾ ഒരിക്കൽ നിങ്ങളുടെ അപ്പനോ അമ്മയോ സഹോദരനോ ആയിരിക്കാം ദൈവ വിളി കേട്ടത്.

ദൈവം സംസാരിക്കുന്നത് നിങ്ങൾ കണ്ടിട്ടും, പലപ്പോഴും ദൈവ പ്രവർത്തി തിരിച്ചറിഞ്ഞിട്ടും ദൈവത്തെ സ്നേഹിക്കാതെ, തലമുറകൾക്കു ദൈവത്തെ പകർന്നു കൊടുക്കാതെ മുന്നോട്ടു പോയാൽ, ലോക പ്രകാരം എത്ര ചിട്ടയിൽ അവരെ വളർത്തിയാലും ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ ചാരുവാൻ ഒരിടം ഇല്ലാതെ ലോക മോഹങ്ങളിൽ അവർ വീണു പോകാൻ സാധ്യത ഉണ്ടു. ദൈവമില്ലാത്ത വീടിനേക്കാളും ദൈവമുള്ള കൂടാരമാണ് വേണ്ടത്



തന്റെ സമ്പന്നതയിലും കൂടാരങ്ങളിൽ പാർത്തു കൊണ്ടു ദൈവം ശില്പിയായി നിർമിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ ഒരു നഗരത്തിനായി ഇസഹാക്കിനോടും യാക്കോബിനോടുമൊപ്പം എബ്രഹാം കാത്തിരുന്നപ്പോൾ, എനിക്കിഷ്ടം
പട്ടണവാതില്കൽ ജാതികളുമായി സമയം ചിലവിടുന്നതായിരുന്നു.
ജീവിതത്തിലെ നിർണായക നിമിഷങ്ങളിൽ രണ്ടാമതൊന്നാലോചിക്കാതെ എബ്രഹാം ദൈവകല്പന അനുസരിക്കുമ്പോൾ ഞാൻ സോദോമിലെ എന്റെ സമ്പാദ്യം കൈ വിട്ട് പോകാതിരിക്കാൻ ദൈവത്തോട് ഒഴിവുകഴിവുകൾ പറയുവാരുന്നു.

ഈ ലോകത്തിൽ എന്തൊക്കെയുണ്ടെങ്കിലും അതിനും വലുത് നമ്മുടെ ദൈവം ആണെന്ന് തിരിച്ചറിഞ്ഞു ജീവിതം മുന്നോട് നയിക്കൂ സഹോദരങ്ങളെ....

# ലൈഫ് ലൈറ്റ് മിനിസ്ട്രിയുടെ യുവജന ട്രെയിനിംഗ് പ്രോഗ്രാം

തിരുവല്ല: ലൈഫ്ലൈറ്റ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഹെബ്രോൻ ഗോസ്പൽ തിയോളജിക്കൽ സെമിനാരി കടപ്ര, നിരണം യുവജനങ്ങൾക്കും യൂത്ത് ലീഡേഴ്സിനും വേണ്ടി 3 ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നു. ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെയാണ് ട്രെയിനിംഗ്. പാസ്റ്റർമാരായ റോയി മാത്യു (ബാംഗ്ലൂർ), ബിജു തങ്കച്ചൻ (ന്യൂഡൽഹി), ഡാനിയേൽ യോഹന്നാൻ (കേരള), ബിജു തങ്കച്ചൻ (കേരള) എന്നിവർ ക്ലാസ്സുകൾ നയിക്കും.

യുവാക്കളെ ക്രിസ്തുവിൽ സജ്ജരാക്കുകയും ശക്തികരിക്കയും ചെയ്യണം എന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയതാണ്പാഠ്യപദ്ധതി.ബാംഗ്ലൂർ കേന്ദ്രമാക്കി കഴിഞ്ഞ ഏഴിൽ പരം വർഷങ്ങളായി യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചുവരുന്ന ഒരു സംഘടനയാണ് ലൈഫ് ലൈറ്റ് മിനിസ്ട്രിസ്.
യുവജനങ്ങളുടെ സ്വഭാവരൂപീകരണത്തിനും, വ്യക്തിത്വ വികസനത്തിനും ആത്മീയ നവോത്ഥാനത്തിനും വേണ്ടി ഒരുക്കിയിരിക്കുന്ന ക്രമീകൃതമായ സിലബസുകൾ, വർക്ക് ബുക്കുകൾ, വർക്ക് ഷോപ്പുകൾ ഗെയിമുകൾ ക്രാഫ്റ്റ് വർക്കുകൾ ആക്ടിവിറ്റികൾ വീഡിയോ പ്രസന്റേഷൻസ് തുടങ്ങി തികച്ചും യുവജനങ്ങൾക്ക് ആസ്വദിച്ച് ചെയ്യാൻ കഴിയുന്ന ദൈവവചന അടിസ്ഥാനത്തിലുള്ള ഈ പ്രോഗ്രാമുകൾ ലൈഫ് ലൈറ്റ് മിനിസ്ട്രീസിന്റെ മാത്രം പ്രത്യേകതകളാണ്. യുവജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും അവരെ ശക്തിപ്പെടുത്തുന്നതിനും ശക്തന്മാരായ യൂത്ത് ലീഡേഴ്സിനെ വാർത്തെടുക്കുന്നതിനും ഉതകുന്ന ഒരു ശുശ്രൂഷയാണ് ലൈഫ്ലൈറ്റ് ചെയ്തുവരുന്നത്.

# മണിപ്പൂരിൽ സുപ്രീംകോടതിയുടെ നിർണായക ഇടപെടൽ




ന്യൂഡൽഹി: മണിപ്പൂരിൽ സുപ്രീംകോടതിയുടെ നിർണായക ഇടപെടൽ. പ്രശ്നപരിഹാരത്തിനായി ഗീത മിത്തൽ, ശാലിനി പി. ജോഷി, മലയാളിയായ ആശ മേനോൻ എന്നിവരടങ്ങുന്ന മൂന്ന് മുൻ ഹൈക്കോടതി ജഡ്ജിമാരുടെ പ്രത്യേക സമിതി രൂപീകരിച്ചു. നിയമവാഴ്ച പുനഃസ്ഥാപിക്കാനാണ് തങ്ങളുടെ ശ്രമമെന്നും അന്വേഷണങ്ങൾക്ക് പുറമെ പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനം തുടങ്ങിയ കാര്യങ്ങളും സമിതിയുടെ പരിധിയിൽ വരുമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് പറഞ്ഞു. സ്ത്രീകൾക്കെതിരായ അക്രമങ്ങൾ അന്വേഷിക്കാൻ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 5 എസ്പിമാരോ ഡിവൈഎസ്പിമാരോ അടങ്ങുന്ന സംഘത്തെ നിയോഗിക്കും. മുൻ ഐപിഎസ് ഉദ്യോഗസ്ഥനായ ദത്താത്രെയ് പഡ്സാൽഗികർക്കായിരിക്കും ചുമതല. സ്പെഷൻ ഇൻവെസ്റ്റിഗേഷൻ ടീമിൽ (എസ്ഐടി) മണിപ്പൂരിന് പുറത്തുനിന്നുള്ള എസ്പി റാങ്കിൽ കുറയാത്തവരെ നിയോഗിക്കണമെന്നും കോടതി നിർദേശിച്ചു.

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 185
7 Monday
Pages 5
554

